ഭൂമി കുഴൽക്കിണർ സ്ഥാപിക്കുന്നതിന് പഞ്ചായത്തിന് പതിച്ചു നൽകുവാൻ നടപടി

200 (4554) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ വീയപുരം മാന്നാർ റോഡിൽ തുരുത്തേൽ പാലത്തിന് വടക്കു ഭാഗത്തായി ഉപയോഗമില്ലാതെ കിടക്കുന്ന ഭൂമി കുഴൽ ക്കിണർ സ്ഥാപിക്കുന്നതിന് പഞ്ചായത്തിന് പതിച്ചു നൽകുവാൻ 28-10-2009-ൽ CE/R&B/DB4/6091/2009 നമ്പർ പ്രകാരം ചീഫ് എഞ്ചിനീയർ സമർപ്പിച്ച അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന വീയപുരം പഞ്ചായത്തിൽ കുഴൽ കിണർ സ്ഥാപിച്ച് കുടിവെള്ള വിതരണം നടത്തുന്ന തിന് പ്രസ്തുത ഭൂമി പതിച്ചു നൽകുന്നതിന് പ്രഥമ പരിഗണന നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത ഭൂമി പഞ്ചായത്തിന് പതിച്ചുനൽകുന്നതിന് പൊതു മരാമത്ത് വകുപ്പ് അടിയന്തര നടപടി സ്വീകരിക്കുമോ ;

(ഡി) പതിച്ചുനൽകാൻ സാധ്യമല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ - സി) പ്രസ്തുത അപേക്ഷ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ആലപ്പുഴ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

നാല് വരി പാതകളാക്കാൻ ഉദ്ദേശിക്കുന്ന റോഡുകൾ

201 (4555) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ വർഷം നാല്വരി പാതകളാക്കാൻ ഉദ്ദേശിക്കുന്ന റോഡുകളുടെ ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ ;

(ബി) ഇവയിൽ ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭിച്ച റോഡുകൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇവയിൽ ഏതൊക്കെ പ്രവൃത്തികളുടെ സ്ഥലമെടുപ്പ് പൂർത്തീ കരിച്ചുവെന്നും ഏതൊക്കെ പ്രവൃത്തികൾ ആരംഭിച്ചുവെന്നും വെളിപ്പെടുത്തുമോ ;

(ഡി) മറ്റു റോഡുകളുടെ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകു മെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എൻ.എച്ച്. 47 - ആലപ്പുഴ ജില്ലയിൽ അരൂർ മുതൽ കൃഷ്ണപുരം വരെയും കൊല്ലം ജില്ലയിൽ കൃഷ്ണപുരം മുതൽ ഓച്ചിറ വരെയും എൻ.എച്ച്. 17 - കാസർഗോഡ് ജില്ലയിൽ കി.മീ. 18/050 മുതൽ 104/000 (തലപ്പാടി മുതൽ കാലിക്കടവ്) വരെയും കണ്ണൂർ ജില്ലയിൽ കി.മീ.104/000 മുതൽ 184/600 (കാലിക്കടവ് മുതൽ മാഹിപ്പാലം വരെയും) പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ വാളയാർ മുതൽ അങ്കമാലി വരെയും കൊടുങ്ങല്ലൂർ ബൈപ്പാസും നാലു വരിപ്പാതകളാക്കാൻ NHAI ഉദ്ദേശിച്ചിരുന്നു. എന്നാൽ റോഡിന്റെ വീതി, ബി.ഒ.ടി. വ്യവസ്ഥ എന്നിവയിൽ മാറ്റം ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വകക്ഷി സംഘം പ്രധാനമന്ത്രിക്ക് നിവേദനം നൽകിയിരിക്കുകയാണ്. ആ കാര്യത്തിൽ തീർപ്പുണ്ടായതിനുശേഷം മാത്രമേ ഈ പ്രവൃത്തികളുടെ കാര്യത്തിൽ തീരുമാനമുണ്ടാകൂ.

(ബി) കൊടുങ്ങല്ലൂർ ബൈപ്പാസിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്.

(സി) കൊടുങ്ങല്ലൂർ ബൈപ്പാസിന് വേണ്ടിയുള്ള സ്ഥലമെടുപ്പ് 90% പൂർത്തിയായി. ടെൻഡർ കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(ഡി) റോഡിന്റെ വീതി, ബി.ഒ.ടി. വ്യവസ്ഥ എന്നിവയിൽ സംസ്ഥാന സർക്കാരിന്റെ ആവശ്യം ഉന്നയിച്ചുകൊണ്ട് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വകക്ഷി സംഘം പ്രധാനമന്ത്രിക്ക് നിവേദനം നൽകിയിരിക്കുകയാണ്. ആ കാര്യത്തിൽ തീർപ്പുണ്ടായതിനുശേഷം മാത്രമേ ഈ പ്രവൃത്തികളുടെ കാര്യത്തിൽ തീരുമാനമുണ്ടാകൂ.

റോഡു സംരക്ഷണ നിയമം

202 (4556) ശ്രീമതി പി. അയിഷാപോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡു സംരക്ഷണനിയമം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും നിർമ്മാണത്തിനും നവീന പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നടപടി സ്വീകരിച്ചു വരുന്നു.

(ബി) കാലാകാലങ്ങളിൽ ഇൻഡ്യൻ റോഡ് കോൺഗ്രസ്, കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം എന്നിവർ നിർദ്ദേശിക്കുന്ന പരിഷ്ക്കാരങ്ങൾ പരിഗണിച്ചാണ് പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികളും നിർമ്മാണ പ്രവർത്തനങ്ങളും നടത്തി വരുന്നത്. പുതുതായി നിർമ്മിക്കുന്ന റോഡുകളുടെ ഉപരിതലം